**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **07-12-2022 - ൽ മറുപടിയ്ക്ക്**

**മിൽമ പാൽ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2016 ജനുവരി ഒന്നിന് മിൽമയുടെ ഒരു ലിറ്റർ പാൽ വില എത്രയായിരുന്നു എന്നും 2022 ഡിസംബർ ഒന്നിന് മിൽമയുടെ ഒരു ലിറ്റർ പാൽ വില എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | 2016 ജനുവരി ഒന്നിന് മിൽമയുടെ ഒരു ലിറ്റർ നോൺ ഹോമോജെനൈസ്ഡ് ടോൺഡ് പാലിന്റെ വില 40/- രൂപയായിരുന്നു. 2022 ഡിസംബർ ഒന്നാം തീയതി നടപ്പിലാക്കിയ വിലവർദ്ധനവിന് ശേഷം മിൽമയുടെ നോൺ ഹോമോജെനൈസ്ഡ് ടോൺഡ് പാലിന്റെ വില 50/- രൂപയാണ്. മിൽമ വിപണിയിൽ വിവിധ ഇനങ്ങളിലുള്ള പാൽ വിതരണം നടത്തുന്നുണ്ട്. ഇവയ്ക്കെല്ലാം ആനുപാതികമായി ലിറ്ററിന് 6/- രൂപ വർദ്ധനവാണ് ഡിസംബർ മുതൽ പ്രാബല്യത്തിൽ വരുത്തിയത്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മിൽമയുടെ പാൽ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്ര; വ്യക്തമാക്കുമോ? | (ബി) | 11/02/2017 ലും 19/09/2019 ലും 01/12/2022 ലും മിൽമ പാൽ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2017 ലും 2019 ലും ലിറ്ററിന് 4/- രൂപ വീതവും 2022 ൽ ലിറ്ററിന് 6/- രൂപയുമാണ് വർദ്ധിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ